©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LVI
വാല്യം 56
Thiruvananthapuram, Tuesday
തിരുവനന്തപുരം, ചൊവ്വ
23rd August 2011
2011 ആഗസ്റ്റ് 23
1st Bhadra 1933
1933 ഭാദ്രം 1
No. 1624
നമ്പർ

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 123/2011/LBR. *Dated, Thiruvananthapuram, 17th August, 2011.*

**S. R. O. No. 530/2011.**—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act XI of 1948) read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 16207/E1/2007/LBR dated 31st January, 2011 in the Kerala Gazette Extraordinary No. 241 dated 2nd February, 2011 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the Minimum rates of wages payable to the employees employed in the "Production of Motion Pictures and Telefilm Industry" in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

SCHEDULE

## I. Basic Wages

A. Rate of Daily Wages (Production of Telefilm Sector and Motion Pictures)

| *Sl. No.* | *Category* | *Daily Basic Wages* ₹ |
|---|---|---|
| (1) | (2) | (3) |
| | **Group–A** | |
| 1 | Assistant Director | 475 |
| 2 | Assistant Cameraman | |
| 3 | Associate Cameraman | |
| | **Group–B** | |
| 1 | Manager | 450 |
| 2 | Accommodation Manager | |
| 3 | Mess Manager | |
| 4 | Travel Manager | |
| 5 | Location Manager | |
| 6 | Entertainment Manager | |
| | **Group–C** | |
| 1 | Makeup Assistant | 410 |
| 2 | Costume Assistant | |
| 3 | Tailors | |
| 4 | Still Assistant | |
| 5 | Camera Equipment Assistant | |
| 6 | Junior Artist | |
| 7 | Supporting Artist | |
| 8 | Assistant Art Director | |
| 9 | First Art Director | |

| (1) | (2) | (3) |
|---|---|---|
| | **Group–D** | |
| 1 | Electrician | |
| 2 | Dance Assistant | |
| 3 | Fight Assistant | |
| 4 | Stunt Assistant | 365 |
| 5 | .Film Representative | |
| 6 | Second Art Director | |
| 7 | Generator Operator | |
| 8 | Crane/Special equipment worker | |
| | **Group–E** | |
| 1 | Camera Assistant | |
| 2 | Set Assistant | |
| 3 | Art Assistant | |
| 4 | Painter | 320 |
| 5 | Carpenter | |
| 6 | Driver | |
| 7 | Light Boy | |
| 8 | Unit Boy | |
| | **Group–F** | |
| 1 | Mess Worker | 275 |
| 2 | Production Boy | |
| 3 | Helper | |
| 4 | Publicity Worker | |

B. Monthly Basic Wages (Office Staff and others)

| *Sl. No.* | *Category* | *Monthly Basic Wages* ₹ |
|---|---|---|
| (1) | (2) | (3) |
| 1. | Manager | 8,000 |

| (1) | (2) | (3) |
|---|---|---|
| 1. | Accountant | 6,260 |
| 2. | Cashier | |
| 3. | Computer Operator | |
| 1. | Attender | 4,940 |
| 2. | Watchman | |
| 3. | Security Guard | |
| 1. | Cleaner | 4,550 |
| 2. | Sweeper | |

## II. Dearness Allowance

In addition to the basic rates of wages, the employees shall be eligible for Dearness Allowance on the basis of Consumer Price Index Numbers. For monthly waged employees, Dearness Allowance shall be paid at the rate of ₹ 23.40 (Rupees Twenty three and Forty paise) for every increase of one point above 150 points (New series 1998–99=100) of the Consumer Price Index published by the Department of Economics and Statistics for the District Headquarters concerned. For daily waged employees, for every increase of point above 150 points, Dearness Allowance should be paid at the rate of 90 (Ninety) paise.

For Wayanad and Idukki Districts, Dearness Allowance shall be paid on the basis of Consumer Price Index Number published for Meppadi and Munnar Centre respectively.

## III. Call Sheet Limit

The daily wages in respect of the daily waged employees fixed in the schedule are limited to a day's call sheet. The duration of a call sheet shall not exceed 8 hours.

## IV. Monthly Wages and Daily Wages

The monthly rate in respect of those for whom daily rate is fixed may be calculated by multiplying the daily rate including the Dearness Allowance by 26 and the daily rate in respect of the category of employees for whom monthly rate is fixed in this schedule may be calculated by dividing the monthly rate including the Dearness Allowance by 26.

## V. Protection for Higher Wages

In case the employees of any establishment/ industry are at present getting higher wages than the minimum wages fixed as per this notification, they shall continue to be entitled to get such higher rates of wages.

By order of the Governor,

ANIL, X.,
*Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to Indicate its general purport.)

After considering the objections and suggestions received on the preliminary notification issued as per No. 16207/E1/2007/LBR dated 31st January, 2011 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees who are employed in "Production of Motion Pictures and Telefilm Industry" in the State of Kerala.

This notification is intended to achieve the above object.

# കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 123/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 17.*

**എസ്. ആർ. ഒ. നമ്പർ 530/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ചപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2011 ഫെബ്രുവരി

2-ാം തീയതിയിലെ 241-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2011 ജനുവരി 31-ാം തീയതിയിലെ 16207/ഇ1/2007/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സർക്കാർ, സംസ്ഥാനത്തെ "ചലച്ചിത്ര-ടെലിഫിലിം നിർമ്മാണ" തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

**I. അടിസ്ഥാന വേതനം**

(എ) ദിവസ വേതന നിരക്ക് (കല/ചലച്ചിത്ര നിർമ്മാണ വിഭാഗം)

| *ക്രമ നമ്പർ* | *വിഭാഗം/തസ്തിക* | *പ്രതിദിന അടിസ്ഥാന വേതനം ₹* |
|---|---|---|
| (1) | (2) | (3) |
| | <u>വിഭാഗം—എ</u> | |
| 1 | അസിസ്റ്റന്റ് ഡയറക്ടർ | 475 |
| 2 | അസിസ്റ്റന്റ് ക്യാമറാമാൻ | |
| 3 | അസോസിയേറ്റ് ക്യാമറാമാൻ | |
| | <u>വിഭാഗം—ബി</u> | |
| 1 | മാനേജർ | 450 |
| 2 | അക്കോമഡേഷൻ മാനേജർ | |
| 3 | മെസ് മാനേജർ | |
| 4 | ട്രാവൽ മാനേജർ | |
| 5 | ലൊക്കേഷൻ മാനേജർ | |
| 6 | എന്റർടെയിൻമെന്റ് മാനേജർ | |

| (1) | (2) | (3) |
|---|---|---|
| | വിഭാഗം—സി | |
| 1 | മേക്കപ്പ് അസിസ്റ്റന്റ് | 410 |
| 2 | കോസ്റ്റ്യൂം അസിസ്റ്റന്റ് | |
| 3 | ടെയ്ലേർസ് | |
| 4 | സ്റ്റിൽ അസിസ്റ്റന്റ് | |
| 5 | ക്യാമറ എക്വിപ്മെന്റ് അസിസ്റ്റന്റ് | |
| 6 | ജൂനിയർ ആർട്ടിസ്റ്റ് | |
| 7 | സപ്പോർട്ടിംഗ് ആർട്ടിസ്റ്റ് | |
| 8 | അസിസ്റ്റന്റ് ആർട്ട് ഡയറക്ടർ | |
| 9 | ഫസ്റ്റ് ആർട്ട് ഡയറക്ടർ | |
| | വിഭാഗം-ഡി | |
| 1 | ഇലക്ട്രീഷ്യൻ | 365 |
| 2 | ഡാൻസ് അസിസ്റ്റന്റ് | |
| 3 | ഫൈറ്റ് അസിസ്റ്റന്റ് | |
| 4 | സ്റ്റണ്ട് അസിസ്റ്റന്റ് | |
| 5 | ഫിലിം റപ്രസന്റേറ്റീവ് | |
| 6 | സെക്കന്റ് ആർട്ട് ഡയറക്ടർ | |
| 7 | ജനറേറ്റർ ഓപ്പറേറ്റർ | |
| 8 | ക്രെയിൻ/സ്പെഷ്യൽ എക്വിപ്മെന്റ് വർക്കർ | |
| | വിഭാഗം—ഇ | |
| 1 | ക്യാമറ അസിസ്റ്റന്റ് | 320 |
| 2 | സെറ്റ് അസിസ്റ്റന്റ് | |
| 3 | ആർട്ട് അസിസ്റ്റന്റ് | |
| 4 | പെയിന്റർ | |
| 5 | കാർപെന്റർ | |
| 6 | ഡ്രൈവർ | |
| 7 | ലൈറ്റ്ബോയ് | |
| 8 | യൂണിറ്റ്ബോയ് | |

| (1) | (2) | (3) |
|---|---|---|
| | വിഭാഗം—എഫ് | |
| 1 | മെസ് വർക്കർ | 275 |
| 2 | പ്രൊഡക്ഷൻ ബോയ് | |
| 3 | ഹെൽപ്പർ | |
| 4 | പബ്ലിസിറ്റി വർക്കർ | |

(ബി) പ്രതിമാസ വേതന നിരക്ക് (ഓഫീസ് ജീവനക്കാരും മറ്റും)

| ക്രമ നമ്പർ | വിഭാഗം/തസ്തിക | പ്രതിമാസ അടിസ്ഥാന വേതനം ₹ |
|---|---|---|
| (1) | (2) | (3) |
| 1 | മാനേജർ | 8,000 |
| 1 | അക്കൗണ്ടന്റ് | 6,260 |
| 2 | ക്യാഷ്യർ | |
| 3 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | |
| 1 | അറ്റന്റർ | 4,940 |
| 2 | വാച്ച്മാൻ | |
| 3 | സെക്യൂരിറ്റി ഗാർഡ് | |
| 1 | ക്ലീനർ | 4,550 |
| 2 | സ്വീപ്പർ | |

## II. ക്ഷാമബത്ത

അടിസ്ഥാന വേതനത്തിനു പുറമെ, തൊഴിലാളികൾക്ക് ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിലുള്ള ക്ഷാമബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ബന്ധപ്പെട്ട ജില്ലാ ആസ്ഥാനങ്ങൾക്കായി പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ ഉപഭോക്തൃ വില സൂചികയുടെ 150 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 23.40 പൈസ (ഇരുപത്തിമൂന്ന് രൂപ നാൽപ്പത് പൈസ) നിരക്കിൽ മാസവേതനക്കാർക്ക് ക്ഷാമബത്ത നൽകേണ്ടതാണ്. ദിവസവേതനക്കാർക്ക് 150 പോയിന്റിന് മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 90 പൈസ (തൊണ്ണൂറു പൈസ) നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

വയനാട്, ഇടുക്കി ജില്ലകൾക്ക് യഥാക്രമം മേപ്പാടി, മൂന്നാർ കേന്ദ്രങ്ങൾക്കു വേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

III. **കാൾഷീറ്റ് പരിധി**

ദിവസവേതനക്കാർക്ക് പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള വേതനം ഒരു കാൾഷീറ്റ് സമയത്തെ ജോലിക്കായി നിജപ്പെടുത്തിയിരിക്കുന്നു. ഒരു കാൾഷീറ്റ് സമയപരിധി 8 മണിക്കൂറിൽ കവിയാൻ പാടില്ല.

IV. **മാസവേതനവും ദിവസവേതനവും**

ദിവസവേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളവരെ സംബന്ധിച്ച് മാസവേതനം കണക്കാക്കുന്നതിന് ക്ഷാമബത്ത ഉൾപ്പെടെയുള്ള ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചും പട്ടികയിൽ മാസവേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ദിവസവേതനം കണക്കാക്കുന്നതിന് ക്ഷാമബത്ത ഉൾപ്പെടെയുള്ള മൊത്തം മാസ വേതനത്തെ 26 കൊണ്ട് ഭാഗിക്കേണ്ടതുമാണ്.

V. **ഉയർന്ന വേതനത്തിന് സംരക്ഷണം**

ഏതെങ്കിലും സ്ഥാപനത്തിലേയോ/വ്യവസായത്തിലേയോ ജീവനക്കാർക്ക് ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം നിലവിൽ ലഭിക്കുന്നുണ്ടെങ്കിൽ, അവർക്ക് അപ്രകാരമുള്ള ഉയർന്ന നിരക്കിലുള്ള വേതനം തുടർന്നും ലഭിക്കാനുള്ള അർഹതയുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന "ചലച്ചിത്ര-ടെലിഫിലിം നിർമ്മാണ" എന്ന വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2011 ജനുവരി 31-ാം തീയതിയിലെ 16207/ഇ1/2007/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM. 2011

33/3187/2011/DTP.